# വന്യജീവി വാരാഘോഷം – 2012

## വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള കുറിപ്പ്)

2012 ലെ വന്യജീവി വാരത്തോടനുബന്ധിച്ച് വനത്തേയും വന്യജീവികളെയും വിഷയമാക്കി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാന വനം വന്യജീവി വകുപ്പ് വിവിധയിനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇതു സംബന്ധിച്ച് വിദ്യാർത്ഥികളുടെയും, രക്ഷാകർത്താക്കളുടെയും മറ്റും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നത്.

- ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പെൻസിൽ ഡ്രായിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്.
- ഹൈസ്കൂൾ, കോളേജ് വിഭാഗങ്ങളിലുള്ളവർക്കായി പെൻസിൽ ഡ്രായിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങൾക്കു പുറമെ ക്വിസ്, ഉപന്യാസം, പ്രസംഗം എന്നീ ഇനങ്ങളിലും മത്സരം സംഘടിപ്പിക്കുന്നതാണ്.
- ക്വിസ് മത്സരത്തിന് ഓരോ സ്കൂൾ/കോളേജ് പ്രതിനിധീകരിച്ച് 2 പേരുടെ ഒരു ടീം മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. എന്നാൽ ഒരു വിദ്യാർത്ഥി മാത്രം പ്രതിനിധീകരിക്കേണ്ടി വരുന്ന ഒഴിവാക്കാനാകാത്ത സാഹചര്യം ഉണ്ടായാൽ ഒരാൾ മാത്രമുള്ള ടീമിനെയും പരിഗണിക്കുന്നതായിരിക്കും.
- മറ്റു മത്സരയിനങ്ങളിൽ ഓരോ സ്ഥാപനത്തിൽനിന്നും 2 പേർക്കു വരെ പങ്കെടുക്കാവുന്നതാണ്.

- പെയിന്റിംഗ്, ഡ്രായിംഗ് എന്നീ ഇനങ്ങളിൽ പങ്കെടുക്കുന്നവർ പേപ്പർ ഒഴികെയുള്ള ഉപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്.
- മൂന്നു പേരടങ്ങുന്ന വിധികർത്താക്കളുടെ സമിതിയായിരിക്കും വിജയികളെ നിർണ്ണയിക്കുന്നത്.
- വിഷയങ്ങൾ മത്സര സമയത്തു മാത്രമെ പരസ്യപ്പെടുത്തുകയുള്ളൂ.
- ജില്ലാ തലത്തിൽ ഓരോയിനത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് അവാർഡിനും, സർട്ടിഫിക്കറ്റിനും അർഹതയുണ്ടായിരിക്കും.
- ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഹെഡ് മാസ്റ്ററുടെ/പ്രിൻസിപ്പലിന്റെ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.
- ഓരോയിനത്തിലും ഒന്നാം സ്ഥാനം നേടുന്നവരെ സംസ്ഥാനതല മത്സരത്തിനായി പരിഗണിക്കുന്നതാണ്.
- ക്വിസ്, പ്രസംഗം എന്നീ ഇനങ്ങളിൽ മാത്രമെ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്കായി സംസ്ഥാന തലത്തിൽ നേരിട്ടുള്ള മത്സരം ഉണ്ടായിരിക്കുകയുള്ളൂ.
- സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർത്ഥിക്കും അനുഗമിക്കുന്ന ഒരു രക്ഷകർത്താവിനും സ്ലീപ്പർ ക്ലാസ് യാത്രാ ബത്ത ലഭിക്കുന്നതാണ്. കൂടാതെ, താമസസൗകര്യം, ഭക്ഷണം മുതലായവയും വനം വകുപ്പ് നൽകുന്നതാണ്.
- സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹരായവർ ജില്ലാതല മത്സരത്തിൽ ലഭിച്ച സർട്ടിഫിക്കറ്റ് ഐഡന്റിറ്റിക്കുവേണ്ടി ഹാജരാക്കേണ്ടതാണ്.
- മറ്റിനങ്ങളിൽ 14 ജില്ലകളിൽനിന്നും ഓരോയിനത്തിലും ഒന്നാം സമ്മാനം നേടുന്ന സൃഷ്ടികൾ വിലയിരുത്തി സംസ്ഥാനതല

വിജയികളെ കണ്ടെത്തുന്നതാണ്. അപ്രകാരം ഓരോ ഇനത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവരെ ഫോണിൽ വിവരം അറിയിക്കുന്നതും സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും സ്വീകരിയ്ക്കുന്നതിനായി സമാപന സമ്മേളനം നടക്കുന്ന സ്ഥലത്ത് 08-10-2012 ൽ എത്തേണ്ടതുമാണ്.

- ഒന്നാം സമ്മാനത്തിന് അർഹമാകുന്നവർക്ക് ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും പുറമെ ഓരോ ഇനത്തിലും റോളിംഗ് ട്രോഫിയും ലഭിക്കുന്നതാണ്.
- സംസ്ഥാനതല മത്സരത്തിൽ വിജയികളാവുന്നവരെ അനുമോദിക്കുന്നതിനായി അതാതു സ്കൂളിൽ/കോളേജിൽ അനുമോദന ചടങ്ങ്, ബന്ധപ്പെട്ട സ്ഥാപനവുമായി ചേർന്ന് സംഘടിപ്പിക്കുന്നതായിരിക്കും.
- സംശയ നിവാരണത്തിനായി ജില്ലാതല സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാരെയോ, പബ്ളിക് റിലേഷൻസ് ഓഫീസറുമായോ, ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പരുകൾ ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| Assistant Conservator of Forests, Thiruvananthapuram. | 9447979135 |
| Assistant Conservator of Forests, SF, Kollam | 9447979132 |
| Assistant Conservator of Forests, Pathanamthitta | 9447979134 |
| Assistant Conservator of Forests, Alappuzha | 9447979131 |
| Assistant Conservator of Forests, Kottayam | 9447979133 |
| Assistant Conservator of Forests, Idukki | 9447979142 |

| | |
|---|---|
| Assistant Conservator of Forests, Ernakulam | 9447979141 |
| Assistant Conservator of Forests, Thrissur | 9447979144 |
| Assistant Conservator of Forests, Palakkad | 9447979143 |
| Assistant Conservator of Forests, Kozhikkode | 9447979153 |
| Assistant Conservator of Forests, Malappuram | 9447979154 |
| Assistant Conservator of Forests, Wayanad | 9447979155 |
| Assistant Conservator of Forests, Kannur | 9447979151 |
| Assistant Conservator of Forests, Kasargode | 9447979152 |
| Public Relations Officer, Forestry Information Bureau, Thiruvananthapuram. | 0471-2529143<br>0471-2529144 |
| Deputy Conservator of Forests (Wildlife) | 0471 2529319<br>(Mob: 9447979023) |
| Office of the Chief Wildlife Warden, Thiruvananthapuram. | 0471-2529323 |

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വന്യജീവി വിഭാഗം)& ചീഫ് വൈൽഡ്ലൈഫ് വാർഡൻ
തിരുവനന്തപുരം.

E:\Files\2012.Sh\Section Files\WLW2012\Malayalam.doc

ഡബ്ളിയു.എൽ(12)– 4826/2012 06–09–2012

# പത്രക്കുറിപ്പ്

## വന്യജീവി വാരാഘോഷം – 2012

## പോസ്റ്റർ രചനാ മത്സരം

ഈ വർഷത്തെ വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വന്യജീവി സംരക്ഷണ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി പൊതുജനങ്ങൾക്കായി ഒരു പോസ്റ്റർ രചന മത്സരം സംഘടിപ്പിക്കുവാൻ സംസ്ഥാന വനം–വന്യജീവി വകുപ്പ് ഉദ്ദേശിക്കുന്നു.

വാട്ടർ, പോസ്റ്റർ, അക്രിലിക് എന്നീ മാധ്യമങ്ങളേതെങ്കിലും ഉപയോഗിച്ച് പോസ്റ്ററുകൾ **എ3** വലിപ്പത്തിലുള്ള പേപ്പറിൽ രൂപകൽപ്പന ചെയ്യാവുന്നതാണ്. ആകർഷകവും ചിന്തനീയവുമായ ജൈവവൈവിധ്യ സംരക്ഷണസന്ദേശം ഉൾക്കൊള്ളുന്നതാവണം പോസ്റ്ററുകൾ. കേടുപാടുകൾ കൂടാതെ പോസ്റ്ററുകൾ ലഭിക്കുന്നതിലേക്കായി കാഡ്ബോർഡ് ട്യൂബിൽ അടക്കം ചെയ്തു അയക്കുന്നതായിരിക്കും അഭികാമ്യം. മത്സരത്തിനുള്ള എൻട്രി അയക്കുന്ന ആളിന്റെ പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പരും രേഖപ്പെടുത്തിയ കുറിപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. പോസ്റ്ററുകളിൽ രചയിതാവിനെ തിരിച്ചറിയാൻ സാധിക്കുന്ന അഡ്രസ്സോ, അടയാളമോ രേഖപ്പെടുത്താൻ പാടില്ല. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന പോസ്റ്ററുകൾക്ക് യഥാക്രമം 5000 രൂപ, 3000 രൂപ, 1500 രൂപ സമ്മാനമായി ലഭിക്കുന്നതാണ്. സമ്മാനാർഹമായ പോസ്റ്ററുകൾ അച്ചടിച്ച് വനം വകുപ്പ് പ്രസിദ്ധീകരിക്കുന്നതാണ്.

മത്സരത്തിനുള്ള എൻട്രികൾ "ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം – 695014" എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. 2012 **സെപ്റ്റംബർ 30–ാം തീയതി വരെ** എൻട്രികൾ സ്വീകരിക്കും.

കൂടുതൽ വിവരങ്ങൾ 0471–2529319, 0471–2529323 എന്നീ നമ്പരുകളിൽ ലഭിക്കും. വനം വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്. (www.forest.kerala.gov.in).

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വന്യജീവി വിഭാഗം)& ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ
തിരുവനന്തപുരം.

WL12-4826/2012 തീയതി 06-09-12

# പത്രക്കുറിപ്പ്

## വന്യജീവി വാരാഘോഷം - 2012

## ഫോട്ടോഗ്രാഫി മത്സരം

ഈ വർഷത്തെ വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വനം വകുപ്പ് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന എൻട്രികൾക്ക് യഥാക്രമം 5000 രൂപ, 3000 രൂപ, 1500 രൂപയുടെ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും ലഭിക്കും. **വനത്തെയും, വന്യജീവികളെയും വിഷയമാക്കി കേരളത്തിലെ വനമേഖലയിൽ ചിത്രീകരിച്ചതാകണം മത്സരത്തിനയക്കുന്ന എൻട്രികൾ.** വനം വകുപ്പോദ്യോഗസ്ഥർ മത്സരത്തിൽ പങ്കെടുക്കാൻ പാടില്ല. **30 x 20 സെന്റീമീറ്റർ** വലിപ്പത്തിലുള്ളതാവണം മത്സരത്തിനയക്കുന്ന ഫോട്ടോപ്രിന്റ്. ഒരാൾക്ക് ഒന്നിലധികം എൻട്രികൾ നൽകാം. എന്നാൽ ഒന്നിലധികം സമ്മാനം ഒരു വ്യക്തിക്ക് ലഭിക്കില്ല. എൻട്രി ഫീസ് ഇല്ല. ഉപയോഗിച്ച ക്യാമറ, എവിടെ വച്ച് ഫോട്ടോ എടുത്തു, ഫോട്ടോയുടെ നെഗറ്റീവ്/സി.ഡി., ഫോട്ടോ എടുത്ത തീയതി, സമയം എന്നീ വിവരങ്ങളും, ഫോട്ടോഗ്രാഫറുടെ പേരും, ഫോൺ നമ്പർ ഉൾപ്പെടെയുള്ള പൂർണ്ണ മേൽവിലാസവും രേഖപ്പെടുത്തിയ കുറിപ്പും ഫോട്ടോയോടൊപ്പം പ്രത്യേകം ഉള്ളടക്കം ചെയ്യേണ്ടതാണ്. എന്നാൽ ഫോട്ടോകളിൽ ഉടമയെ തിരിച്ചറിയുന്നതിന് സഹായിക്കുന്ന അഡ്രസ്സോ, അടയാളമോ രേഖപ്പെടുത്താൻ പാടില്ല. കളർ ഫോട്ടോകൾ മാത്രമേ സ്വീകരിക്കുകയുള്ളു. എൻട്രികൾ "ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്ലൈഫ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം - 695 014 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. **2012 സെപ്റ്റംബർ 30 -ാം തീയതി** വരെ എൻട്രികൾ സ്വീകരിക്കും.

മത്സരത്തിനായി ലഭിക്കുന്ന ഫോട്ടോഗ്രാഫുകൾ തിരിച്ചു നൽകില്ല. സമ്മാനം ലഭിക്കുന്ന എൻട്രികളുടെ ഉടമസ്ഥാവകാശം ചീഫ് വൈൽഡ്ലൈഫ് വാർഡനായിരിക്കും. ഇവ പ്രസിദ്ധീകരണങ്ങളിലോ, കലണ്ടറുകളിലോ, ഇലക്ട്രോണിക് മാധ്യമങ്ങളിലോ പ്രസിദ്ധപ്പെടുത്താനുള്ള അവകാശം വനം വകുപ്പിനുണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾ 0471-2529319, 0471-2529323 എന്നീ നമ്പരുകളിൽ ലഭിക്കും. വനം വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്. (www.forest.kerala.gov.in)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വന്യജീവി വിഭാഗം)& ചീഫ് വൈൽഡ്ലൈഫ് വാർഡൻ
തിരുവനന്തപുരം.

E:\Files\2012.Sh\Section Files\WLW2012\Malayalam.doc